(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇനിയും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

34 (374) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് കുടിശ്ശികയായി നിലവിൽ എത്രയുക പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇത്തരത്തിൽ കുടിശ്ശികയുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവ ഏതെല്ലാം ; പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കേണ്ട കുടിശ്ശികയുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ചാർജ് കുടിശ്ശികയായി എന്ത് തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ;

(ഡി) ഇത്തരത്തിൽ തുക അടയ്ക്കുവാനുള്ള സ്ഥാപനങ്ങളിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കുടിശ്ശിക അടയ്ക്കുന്നതിൽ എന്ത് തുകയുടെ ഒഴിവാക്കൽ/ഇളവുകൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കാതെ നഷ്ടത്തിന്റെ പേരിൽ വൈദ്യുതി ചാർജ് ഉടൻ വർദ്ധിപ്പിക്കുവാൻ ബോർഡ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ പ്രസ്തുത നടപടി ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 30-9-2014-ലെ കണക്കു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം 1633.49 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.

(ബി) വിവിധ സ്ഥാപനങ്ങൾ അടയ്ക്കുവാനുള്ള കുടിശ്ശികത്തുകയുടെ വിശദവിവരങ്ങൾ അനുബന്ധം I മുതൽ 11 വരെ കൊടുത്തിട്ടുണ്ട്. *

(സി) വൈദ്യുതി ചാർജ് കുടിശ്ശികയായി 481.22 കോടി രൂപയാണ് സ്വകാര്യ സ്ഥാപനങ്ങൾ അടയ്ക്കാനുള്ളത്.

(ഡി) കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഇ) കുടിശ്ശിക തീർപ്പാക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, മിനിമം ഡിമാന്റ് ചാർജ്ജിൽ ഇളവനുവദിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) ഇല്ല. കേരളത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അധികാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

35 (375) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിചാർജ് കുടിശ്ശികയിനത്തിൽ കെ. എസ്. ഇ. ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(ബി) വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി ഏതെല്ലാം വിഭാഗങ്ങളിൽ നിന്നാണ് കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് ; ഇവയുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 1633.49 കോടി രൂപയാണ് 30-9-2014 കണക്കുപ്രകാരം പിരിഞ്ഞു കിട്ടാനുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly